"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - 2024-25 അധ്യയന വർഷത്തെ ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തക അച്ചടിക്കുള്ള പേപ്പർ കെ.ബി.പി.എസ് - ൽ വിതരണം ചെയ്ത ഇനത്തിൽ വിതരണ സ്ഥാപനങ്ങൾക്ക് 21,40,85,698/- (ഇരുപത്തിയൊന്ന് കോടി നാല്പത് ലക്ഷത്തി എൺപത്തി അയ്യായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) റിലീസ് ചെയ്ത് നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.2346/2024/GEDN തീയതി,തിരുവനന്തപുരം, 20-03-2024

---

പരാമർശം:-
1. 24.08.2023 - ലെ സ.ഉ (സാധാ) നമ്പർ.4839/2023/ പൊ.വി.വ
2. 19.03.2024 - ലെ സ.ഉ (സാധാ) നമ്പർ.2618/2024/ധന
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.03.2024 - ലെ കത്ത് നമ്പർ.ടി.ബി.ഒ/244/2023 - സി

**ഉത്തരവ്**

2024- 25 അദ്ധ്യയന വർഷത്തെ 1 മുതൽ 10 വരെ ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തക അച്ചടി, വിതരണം എന്നിവ കേരളാ ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റിയെ ഏൽപ്പിച്ച് കൊണ്ടും 2024-25 വർഷത്തെ പാഠപുസ്തക അച്ചടിക്കാവശ്യമായ പേപ്പറുകൾ specification പ്രകാരം വാങ്ങുന്നതിന് സ്റ്റോർ പർച്ചേയ്സ് മാനദണ്ഡം പാലിച്ചുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ച് സമയബന്ധിതമായി കെ.ബി.പി.എസ് - ന് നൽകുന്നതിന് സ്റ്റേഷനറി വകപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) 2024-25 അധ്യയന വർഷത്തെ പാഠപുസ്തക അച്ചടിക്കായി കെ.ബി.പി.എസ് സ്റ്റോറിലേക്ക് M/s Seshasayee Paper and Boards Limited Tamil Nadu, M/s Kausika Enterprises Ernakulam , M/s Premier paper Distributors Trivandrum എന്നീ പേപ്പർ വിതരണ സ്ഥാപനങ്ങൾ നൽകിയ പേപ്പറിന്റെ ആകെ ബിൽ തുകയായ 21,40,85,698/- (ഇരുപത്തിയൊന്ന് കോടി നാല്പത് ലക്ഷത്തി എൺപത്തി അയ്യായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) രൂപ നടപ്പ് സാമ്പത്തികവർഷം ടി സ്ഥാപനങ്ങൾക്ക് അനുവദിക്കേണ്ടതുണ്ടെന്നും 2023-24 സാമ്പത്തിക വർഷത്തിൽ 55 കോടി രൂപ ഈ ഇനത്തിൽ ബജറ്റിൽ അനുവദിച്ച് നൽകിയിരുന്നു എന്നും ആയതിൽ 54,88,80,706/-രൂപ

അലോട്ട് ചെയ്ത് നൽകിയതിൽ 2,31,996/-രൂപ മാത്രമാണ് ഓഫീസ് അക്കൗണ്ട് ശീർഷകത്തിൽ ശേഷിക്കുന്നത് എന്നും ഈ സാഹചര്യത്തിൽ മേൽ തുക ടി സ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകുന്നതിന് 21,27,34,408/- (ഇരുപത്തിയൊന്ന് കോടി ഇരുപത്തിയേഴ് ലക്ഷത്തി മുപ്പത്തി നാലായിരത്തി നാന്നൂറ്റിയെട്ട് രൂപ മാത്രം) രൂപ കൂടി "2202-02-106-99-00-24 (M&S)" എന്ന ശീർഷകത്തിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനോടപേക്ഷിച്ചിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ഉത്തരവ് പ്രകാരം ഇക്കാര്യത്തിനായി 21,27,35,000/- (ഇരുപത്തിയൊന്ന് കോടി ഇരുപത്തി ഏഴ് ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപ മാത്രം) രൂപ " 2202-02-106-99-00-24 (M&S) " എന്ന ശീർഷകത്തിൽ അധികമായി ലഭ്യമാക്കിയിട്ടുണ്ട് . ഈ സാഹചര്യത്തിൽ 2024-25 അധ്യയന വർഷത്തെ ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിലേക്കുള്ള പാഠപുസ്തക അച്ചടിക്കുള്ള പേപ്പർ കെ.ബി.പി.എസ് - ൽ വിതരണം ചെയ്ത ഇനത്തിൽ വിതരണ സ്ഥാപനങ്ങൾക്ക് 21,40,85,698/- (ഇരുപത്തിയൊന്നു കോടി നാല്പത് ലക്ഷത്തി എൺപത്തി അയ്യായിരത്തി അറുനൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) റിലീസ് ചെയ്ത് നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
ജോയിന്റ് സെക്രട്ടറി

(1) പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
(2) അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം
(3)മാനേജിംഗ് ഡയറക്ടർ, കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി,കാക്കനാട്,കൊച്ചി
(4) സ്റ്റേഷനറി കൺട്രോളർ, വികാസ് ഭവൻ, തിരുവനന്തപുരം
(5) പാഠപുസ്തക ഓഫീസർ, പത്മവിലാസം റോഡ്, തിരുവനന്തപുരം
(6)ധനകാര്യവകുപ്പ് ( 20.03.2024 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ. E 2672467/EDN-B3/10/2024 - ധന)പ്രകാരം
(7)ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതുവിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
(8) ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ, ഐ & പി ആർ ഡി
(9) കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
V Sajitha
Date: 20-03-2024 17:27:59

സെക്ഷൻ ഓഫീസർ

<u>**പകർപ്പ് :-**</u>

(i) ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പി.എസ് - ന്

(ii) പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി .എ - ക്ക്